## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഡോ. ലാലി.റ്റി.യു, അസിസ്റ്റന്റ് സർജൻ- അനധികൃതാവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ (സാധാ) നം. 520/18/ആ.കു.വ തീയതി 15.02.2018
2. ഡോ. ലാലി.റ്റി.യു വിന്റെ അപേക്ഷ

**ഉത്തരവ് നം. ഇ.എ2-444/18/ആ.വ.ഡ തീയതി 16.02.2018**

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന അസിസ്റ്റന്റ് സർജനായ ഡോ. ലാലി.റ്റി.യു -വിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സീനിയർ ലക്ചററായി നിയമന ഉത്തരവ് ലഭിച്ചതിനാൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിക്കുന്നതിനുമായി പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ആയതിനാൽ ടിയാളെ **തൃശ്ശൂർ ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസറായി** ജോലിയിൽ പ്രവേശിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

ഡോ. ലാലി.റ്റി.യു ജോലിയിൽ പ്രവേശിച്ച ശേഷം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിനു വേണ്ട നടപടി തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ലാലി.റ്റി.യു, അസിസ്റ്റന്റ് സർജൻ

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തൃശ്ശൂർ
2. അക്കൗണ്ട് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി, തൃശ്ശൂർ
4. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്